**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2312** **06.10.2016 -ൽ മറുപടിക്ക്**

# പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി. കെ. ഹരീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വെള്ളറട പഞ്ചായത്തുകളിലെ പട്ടയപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പട്ടയമില്ലാതെ ആയിരത്തോളം കുടുംബങ്ങൾ ഏറെക്കാലമായി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ ; | (ബി) കൈവശഭൂമി പതിച്ചു ലഭിക്കുന്നതിനു വേണ്ടി കക്ഷികൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ 1964-ലെ കേരള ഭൂമി പതിവ് നിയമ പ്രകാരം അർഹരാണോയെന്ന് പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. റീസർവ്വെ അപാകത കാരണം ഭൂനികുതി ഒടുക്കുന്നതിന് കഴിയാതെ വരുന്ന കേസ്സുകളിൽ ടി അപാകത പരിഹരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഇതര പഞ്ചായത്തുകളിൽ പഞ്ചായത്ത് വാങ്ങി നൽകിയ ഭൂമിയുടെ പട്ടയത്തിൽ വന്നിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് വിലയ്ക്കു വാങ്ങി കോളനി നിവാസികൾക്കു നൽകിയിട്ടുള്ള ഭൂമി റവന്യൂ രേഖകൾ പ്രകാരം മുൻ ജന്മിയുടെ പേരിൽ നിലവിൽ രേഖപ്പെടുത്തി കാണുന്നു. ഇത്തരത്തിലുള്ള ഭൂമി പഞ്ചായത്തിന് അവകാശം ലഭിച്ചത് സംബന്ധിച്ച ആധാരമോ മറ്റ് രേഖകളോ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകാത്തതിനാൽ കൈവശ ഭൂമിക്ക് പട്ടയം നൽകാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റി പഞ്ചായത്ത് അനുവാദപത്രിക നൽകുകയാണെങ്കിൽ ഈ വിഷയത്തിൽ പരിഹാരം കാണാവുന്നതാണ്. |

Deepi
സെക്ഷൻ ഓഫീസർ